'ഭരണഭാഷ - മാതൃഭാഷ'

# കേരള സർക്കാർ

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡി. ടി. പി. സി.) - കൊറോണ വൈറസ് വ്യാപനത്തെ തുടർന്ന് രാജ്യവ്യാപക ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരുന്നതു പരിഗണിച്ച് ഡി. ടി. പി. സികളുടെ ലൈസൻസികൾക്ക് വാടക/പാട്ടത്തുകയിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വിനോദ സഞ്ചാര (എ) വകുപ്പ്

**സ. ഉ. (കൈ.) നമ്പർ: 1/2021/ടൂറിസം** **തീയതി, തിരുവനന്തപുരം, 07/01/2021**

പരാമർശം: വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 12.06.2020, 14.10.2020, 04.11.2020, 18.12.2020 തീയതികളിലെ പി4 - 4855/2020 നമ്പർ കത്തുകൾ

**ഉത്തരവ്**

കൊറോണ വൈറസ് വ്യാപനത്തെ തുടർന്നു പ്രഖ്യാപിച്ച രാജ്യവ്യാപക ലോക്ക്ഡൗൺ മൂലവും തുടർന്നുള്ള നിയന്ത്രണങ്ങൾ കാരണവും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വാടകയ്ക്ക് എടുത്ത ലൈസൻസികൾക്കും വരുമാനം മുടങ്ങിയിരുന്നു. തുടർന്നു പ്രതികൂല സാഹചര്യം പരിഗണിച്ച പാട്ടത്തുക ഒഴിവാക്കി നൽകണമെന്നു ലൈസൻസികൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളോട് അഭ്യർഥിക്കുകയുണ്ടായി. സംസ്ഥാനത്തെ 14 ജില്ലകളിലെ 245 ലീസ് ഹോൾഡർമാരിൽ നിന്നു 96,34,599/-(തൊണ്ണൂറ്റി ആറ് ലക്ഷത്തി മുപ്പത്തി നാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഒൻപതു രൂപ) രൂപയാണു ഡി. ടി. പി. സികൾക്ക് മാസംതോറും വാടകയായി ലഭിക്കേണ്ടതെന്നു പരാമർശത്തിലെ കത്തുകൾ പ്രകാരം വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ലോക്ക്ഡൗണിനെ തുടർന്നു വിനോദ സഞ്ചാര കേന്ദ്രങ്ങൾ അടച്ചിടേണ്ടിവന്നതിനാൽ ലീസ് തുകയിൽ ഇളവ് അനുവദിക്കണമെന്ന ലൈസൻസികളുടെ ആവശ്യം കണക്കിലെടുത്ത്, മേൽ കാലയളവിലെ ലീസ് തുക ഇളവ് ചെയ്യണമെന്ന ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ അഭ്യർഥനയിന്മേൽ, ലീസ് ഹോൾഡർമാരിൽ നിന്ന് കൃത്യമായ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം തുകയിൽ ഇളവ് അനുവദിക്കാൻ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളോട് നിർദേശിക്കാവുന്നതാണെന്നും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ സ്ഥാപനങ്ങൾ ലീസ്/വാടക വ്യവസ്ഥയിൽ ഏറ്റെടുത്തു നടത്തുന്നവരുടെ അപേക്ഷകൾ പരിഗണിച്ച് സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തി വച്ച കാലയളവ് മുതൽ തുറന്ന് പ്രവർത്തിക്കാൻ അനുമതി ലഭിച്ച കാലം വരെയുള്ള വാടകയിൽ ഇളവ് അനുവദിക്കുകയും ലീസ് വ്യവസ്ഥയിൽ നൽകിയ സ്ഥാപനങ്ങളുടെ പാട്ട കാലാവധി ഒരു വർഷത്തേക്കോ സ്ഥാപനം അടച്ചിട്ട കാലയളവ് കണക്കാക്കിയോ കരാർ നീട്ടി നൽകുകയും ചെയ്യാമെന്നാണു വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊറോണ വൈറസ് വ്യാപനത്തെ തുടർന്നു പ്രഖ്യാപിച്ചിരുന്ന രാജ്യവ്യാപക ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും പരിഗണിച്ച് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ ലൈസൻസികൾക്കു സ്ഥാപനങ്ങൾ അടഞ്ഞു കിടന്ന കാലത്തെ വാടക ഇളവ് അനുവദിക്കുകയും ലീസ് വ്യവസ്ഥയിൽ നൽകിയ സ്ഥാപനങ്ങൾക്ക് അവ അടച്ചിട്ട കാലം കണക്കാക്കി കരാർ കാലാവധി നീട്ടി നൽകുകയും ചെയ്യുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**റാണി ജോർജ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്:

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം - 695 033

എല്ലാ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ചെയർമാൻ/സെക്രട്ടറിമാർക്കും (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം - 695 001
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II) കേരളം, തിരുവനന്തപുരം - 695 001
പൊതുഭരണ (എസ്. സി.) വകുപ്പ് (06.01.2021 ലെ ഇനം നമ്പർ: 4473 പ്രകാരം)
ധനകാര്യ (വ്യയം എ) വകുപ്പ് (28.07.2020 ലെ വ്യയം എ 3/315/2020 – ധന. നമ്പർ കുറിപ്പ് പ്രകാരം)
റവന്യൂ (യു) വകുപ്പ് (27.11.2020 ലെ യു4/86/2020/റവന്യൂ നമ്പർ കുറിപ്പ് പ്രകാരം)
വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ(നമ്പർ: ടൂർ എ 4/74/2020 - ടൂർ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ